ഏജൻസി ഗവൺമെൻറു പ്രഖ്യാപിക്കുകയും അവിടെ അതിനുവേണ്ട ഒരു പ്രത്യേക ഡിവിഷൻ തുടങ്ങി ആ വ്യവസായികളെ ഓരോരുത്തരെയായി വിളിച്ചുവരുത്തി അതിനുള്ള പദ്ധതികളും തയ്യാറാക്കുകയുമാണ്. ഗവൺമെൻറ് ട്രാവൻകൂർ റയോൺസ് റിവൈവ് ചെയ്തു. പിന്നെ പാക്കേജ് ഓഫ് അസിസ്റ്റൻസ് കൊടുത്തുകൊണ്ട് സിക്ക് ആയിതീരുന്ന ടെൽക്കിനെ സംബന്ധിച്ചിടത്തോളം 16 ശതമാനം പലിശയെന്നുള്ളത് ബാങ്കുകളെ വിളിച്ചു വരുത്തി പത്തു ശതമാനമായി കുറച്ചുമാറിക്കൊടുത്തു. അതിനും പുറമേ മുടങ്ങിക്കിടക്കുന്നത് ആരംഭിക്കാനുള്ള നടപടികളും വൻകിട-ഇടത്തരം മേഖലകളിൽ ഗവൺമെൻറ് ചെയ്തിട്ടുണ്ട്. ഈ ഗവൺമെൻറ് വരുമ്പോൾ പൂട്ടിക്കിടന്നത് 19 വ്യവസായങ്ങളായിരുന്നു. കൂടുതൽ വ്യവസായങ്ങൾക്കുവേണ്ടി ഐ.ഡി.ബി.ഐ:യുടെ 650 കോടി രൂപയുടെ ഒരു പദ്ധതിയുണ്ട്. ആ പദ്ധതിലഭ്യമാക്കാൻ ഗവൺമെൻറു ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ഇ. കെ. നായനാർ : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു ആറായിരം പീഡിതവ്യവസായങ്ങളിൽ 160 വ്യവസായങ്ങളാണ് റിവൈവ് ചെയ്യാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത് എന്ന്. ബാക്കിയുള്ളവ മേയ്-ജൂൺ മാസങ്ങളിൽ എത്ര വ്യവസായങ്ങൾകൂടി റിവൈവ് ചെയ്യും എന്നു പറഞ്ഞാൽ തരക്കേടില്ല.

ശ്രീ. ഇ. അഹമ്മദ് : 1983-ലാണ് ഞാൻ പറഞ്ഞ റിവൈവൽ സ്കീം ഇവിടെ ആരംഭിച്ചത്. 1983-നുശേഷം, ഞങ്ങൾ ആരംഭിച്ചതിനുശേഷമുള്ള റിവൈവലിനെ സംബന്ധിച്ചാണ് ഞാൻ പറഞ്ഞത്. 6,000 എന്നു പറഞ്ഞതിൽ 5,500 യൂണിറ്റുകളും 1982-ന് മുമ്പ് അടഞ്ഞുകിടക്കുന്നതാണ്, പീഡിതമായതാണ്. 1982-നു ശേഷം 414 എണ്ണം മാത്രമാണ് അടഞ്ഞുകിടക്കുന്നത്. ഈ പറഞ്ഞതിൽ 400-ഓളം അപേക്ഷകളിൽ നൂറിൽപ്പരം അപേക്ഷകളും പെട്ടെന്നു ക്ലിയർ ചെയ്യാൻ കഴിഞ്ഞു. ഇനിയും കുറെയെണ്ണം ചെയ്യേണ്ടതുണ്ട്. ആവുന്നത്ര ചെയ്യും എന്നുമാത്രമേ എനിക്കു പറയാൻ നിവർത്തിയുള്ളു.

വനേതര ആവശ്യങ്ങൾക്ക് വനഭൂമി

*429 [459] ശ്രീ. ഇ ടി. മുഹമ്മദ് ബഷീർ :
,, കെ.പി. രാമൻ :
,, പി.കെ. കുഞ്ഞാലിക്കുട്ടി :
,, കെ.പി.എ. മജീദ് :
,, സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനേതര ആവശ്യങ്ങൾക്ക് വനഭൂമി ഉപയോഗിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം ; എത്ര ഹെക്ടർ ;

(സി) എന്തെല്ലാം ആവശ്യങ്ങൾക്കായിട്ടാണ് ഈ വനഭൂമി ഉപയോഗിച്ചത് ?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) :

(എ) ഉപയോഗിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി)

വനം ഡിവിഷൻ		വിസ്തീർണ്ണം (ഹെക്ടർ)
തിരുവനന്തപുരം		112.430
പുനലൂർ		1027.700
കോന്നി		2.377
റാന്നി		310.165
കോട്ടയം		178.694
കോതമംഗലം		7.083
തേക്കടി വൈൽഡ് ലൈഫ്		0.819
മലയാറ്റൂർ		0.404
നിലമ്പൂർ		26.950
വയനാട്		247.141
സ്പെഷ്യൽ ഡിവിഷൻ		
,,	തലശ്ശേരി	55.677
,,	കോഴിക്കോട്	25.870
,,	നിലമ്പൂർ	786.400
,,	പാലക്കാട്	191.170
	ആകെ	2972.850

(സി) ജലസേചനപദ്ധതികൾക്കും പുനരധിവാസത്തിനും, പ്ലാന്റേഷൻ വച്ചുപിടിപ്പിക്കുന്നതിനും പൊതു ആവശ്യങ്ങൾക്കും മറ്റുമാണ് വനഭൂമി നൽകിയിട്ടുള്ളത്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : വനഭൂമിക്ക് പട്ടയം നൽകുന്നതിന് എന്തെങ്കിലും മാനദണ്ഡം ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : വനഭൂമിക്ക് പട്ടയം നൽകുന്നതിനെ സംബന്ധിച്ച് സംയുക്ത വെരിഫിക്കേഷൻ ചില സ്ഥലങ്ങളിൽ പൂർത്തിയായിട്ടുണ്ട്. പൂർത്തിയായ സ്ഥലങ്ങളിലെ റിപ്പോർട്ട് ഇൻഡ്യാഗവൺമെന്റിന്റെ അനുമതിക്കുവേണ്ടി സമർപ്പിച്ചിരിക്കുകയാണ്.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : ആദിവാസികളെ സംഘടിപ്പിച്ച് 'ഞങ്ങളുടെ ഭൂമി ഞങ്ങൾക്ക് വേണം' എന്നൊരു മുദ്രാവാക്യമുയർത്തിക്കൊണ്ട് അതിന്റെ മറവിൽ വനഭൂമി തട്ടിയെടുക്കാൻ ചില കേന്ദ്രങ്ങളിൽനിന്ന് നീക്കങ്ങൾ നടന്നുവരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : ആദിവാസികളെ ഉപയോഗപ്പെടുത്തി വനഭൂമി തട്ടിയെടുക്കുവാനുള്ള ശ്രമങ്ങൾ നടക്കാറുണ്ട്. പക്ഷേ ആ ശ്രമങ്ങളെ എല്ലാം ഗവൺമെന്റ് തടയാറുമുണ്ട്.

ശ്രീ. കെ. പി. രാമൻ : സ്വന്തം ഭൂമി അന്യാധീനപ്പെട്ടുപോയതിന്റെ ഫലമായി കിടപ്പാടമില്ലാതെ കഷ്ടപ്പെടുന്ന ആദിവാസികൾക്ക് വെസ്റ്റഡ് ഫോറസ്റ്റിൽനിന്ന് ഭൂമി കൊടുക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : ഭൂമി അന്യാധീനപ്പെട്ട ആദിവാസികൾക്കും ഹരിജനങ്ങൾക്കും വെസ്റ്റഡ് ഫോറസ്റ്റിൽനിന്ന് ഭൂമി കൊടുക്കുവാൻ ചില പ്രത്യേക പദ്ധതികളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാമൻ : ഹരിജന-ഗിരിജന വർഷത്തോടനുബന്ധിച്ച് ആദിവാസികൾക്ക് വൈദ്യുതി നൽകുന്നതിനുവേണ്ടി നീക്കിവച്ച സംഖ്യ മുഴുവനും ചെലവാക്കാൻ കഴിയാതിരുന്നത് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ എതിർപ്പുകൊണ്ടാണ്. കാരണം ആദിവാസികൾ കാട്ടിലാണ് താമസിക്കുന്നത്. അവിടെ വൈദ്യുതി എത്തിക്കുന്നതിനുവേണ്ടി മരം മുറിച്ചുമാറ്റേണ്ടിവരുമെന്നുള്ളതാണ് പ്രശ്നം. ഈ പ്രശ്നം ഒഴിവാക്കുന്നതിന് ബഹുമാനപ്പെട്ട ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : ഓരോ സ്ഥലത്തിന്റെയും പ്രത്യേകമായ ആവശ്യങ്ങൾ വന്നാൽ ഇൻഡ്യാഗവൺമെന്റിനോട് അനുമതി വാങ്ങുന്ന പതിവാണ് ഇപ്പോഴുള്ളത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : വനഭൂമി, വനേതര ആവശ്യങ്ങൾക്കുവേണ്ടി, അതായത്, പ്രോജക്ടുകൾക്ക്, വ്യവസായങ്ങൾക്ക്, ഇലക്ട്രിസിറ്റി ആവശ്യങ്ങൾക്ക് ഒക്കെ കൊടുക്കുന്ന കാര്യത്തിൽ സർക്കാർ ഡിപ്പാർട്ടുമെന്റുകളുടെ ഏകീകരണ സമീപനമില്ലാത്തതുകൊണ്ട് പ്രോജക്ടുകളും വ്യവസായങ്ങളും ഇലക്ട്രിസിറ്റി ആവശ്യങ്ങളും ഒക്കെ തടസ്സപ്പെടുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : വിവിധ ആവശ്യങ്ങൾക്കുവേണ്ടി വനഭൂമി ആവശ്യപ്പെട്ടുകഴിഞ്ഞാൽ അതിനെ സംബന്ധിച്ച് ഇൻഡ്യാഗവൺമെന്റിനു റിപ്പോർട്ട് സമർപ്പിച്ച്, അവരുടെ അനുമതിയോടുകൂടിയാണ് വനഭൂമി വിട്ടുകൊടുക്കുന്നത്. ഇതിനകംതന്നെ ഏതാണ്ട് അൻപത്തിയെട്ടോളം പ്രൊപ്പോസലുകൾ കേരള ഗവൺമെന്റ് ഇൻഡ്യ ഗവൺമെന്റിനു അനുമതിക്കുവേണ്ടി കൊടുത്തിട്ടുണ്ട്. അതിൽ ഇരുപത്തിയെട്ടെണ്ണത്തിനു അനുമതി കിട്ടിയിട്ടുണ്ട്. പതിനഞ്ചെണ്ണത്തിന്റെ അനുമതി നിഷേധിച്ചിരിക്കുകയാണ്. ഓരോ പ്രത്യേക ആവശ്യങ്ങളുടെ അടിസ്ഥാനത്തിലാണ് ഗവൺമെന്റ് അനുമതിക്കുവേണ്ടി ആവശ്യപ്പെടുന്നത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : ഇൻഡ്യാഗവൺമെന്റിന്റെ അനുമതിയുടെ അടിസ്ഥാനത്തിലാണ് വനഭൂമി വിട്ടുകൊടുക്കുന്നത് എന്നു പറഞ്ഞ ഉദാഹരണമായി സൈലന്റ്വാലിയുടെ കാര്യത്തിൽ തമിഴ്നാട് ഗവൺമെന്റ് എടുത്ത സമീപനംപോലെ—മറ്റു സംസ്ഥാനങ്ങളെ സംബന്ധിച്ച്തോളം വനം വകുപ്പ് വളരെ കർക്കശമായി നിൽക്കുന്നതുകൊണ്ട് പ്രോജക്ടുകൾതന്നെ പലതും മുടങ്ങിക്കിടക്കുന്നുവെന്നുള്ള ഒരു പൊതു ആരോപണമുണ്ട്. അതിനെക്കുറിച്ച് ഗവൺമെന്റിന്റെ അഭിപ്രായമെന്താണ് ?

ശ്രീ. കെ. പി. നൂറുദ്ദീൻ : പ്രോജക്ടുകൾക്കുവേണ്ടി പ്രത്യേകമായി ഓരോ ഡിപ്പാർട്ടുമെന്റിന്റെയും പ്രൊപ്പോസലുകൾ കിട്ടിക്കഴിഞ്ഞാൽ അത് ഇൻഡ്യാ ഗവൺമെന്റിനു അയയ്ക്കുകയാണ് ചെയ്യുന്നത്. ഇൻഡ്യാ ഗവൺമെന്റ് അതിനെ സംബന്ധിച്ച് അനുമതി നൽകുകയോ, തുടർന്ന് നടപടികളെടുക്കുകയോ, അല്ലെങ്കിൽ അനുമതി നിഷേധിക്കുകയോ ആണ് ചെയ്യുന്നത്.

ശ്രീ. കെ. പി. എ. മജീദ് : ഇപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ചുള്ള അനുമതി കിട്ടിക്കഴിഞ്ഞാൽ എത്ര ഹെക്ടർ വനഭൂമി വനേതര ആവശ്യങ്ങൾക്കുവേണ്ടി നൽകാൻ ഉദ്ദേശിച്ചിട്ടുണ്ടെന്ന് പറയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. നൂറുദ്ദീൻ : അനുമതിക്കുവേണ്ടി ആകെ അൻപത്തി യെട്ടു പ്രൊപ്പോസലുകളാണ് ഇൻഡ്യാ ഗവൺമെൻറിൽ സമർപ്പിച്ചിരുന്നത്. അതിൽ ഇരുപത്തിയെട്ടെണ്ണത്തിന്റെ അനുവാദം കിട്ടിയിട്ടുണ്ട്. ഇരുപത്തി യെട്ടു പ്രൊപ്പോസലുകൾക്കുമായിട്ട് 2972.88 ഹെക്ടർ ഭൂമിയാണ് കൊടു ക്കുവാൻ അനുമതി കിട്ടിയതും വിവിധ ആവശ്യങ്ങൾക്കുവേണ്ടി കൊടുത്തതും.

ശ്രീ. കെ. പി. എ. മജീദ് : പല സ്കീമുകളുടെയും ഫലമായി വന ഭൂമി ഇതുപോലുള്ള കാര്യങ്ങൾക്കുവേണ്ടി ഗവൺമെൻറ് ഉപയോഗപ്പെടുത്തി യതുമൂലം വനഭൂമിയുടെ വിസ്തീർണ്ണം കുറഞ്ഞുവരുന്ന ഈ സാഹചര്യത്തിൽ അതിനെ സംബന്ധിച്ച് ഉദാരമായ ഒരു സമീപനമാണോ ഗവൺമെൻറ് സ്വീക രിക്കുവാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : വനഭൂമി വനേതര ആവശ്യങ്ങൾക്കുവേണ്ടി വിട്ടുകൊടുക്കുന്ന കാര്യത്തിൽ വളരെ കർക്കശമായ നിലപാടാണ് ഗവൺ മെൻറ് സ്വീകരിക്കുന്നത്. വളരെ അത്യാവശ്യമായിട്ടുള്ള കാര്യങ്ങൾക്ക്—അത് കിട്ടിയില്ലെങ്കിൽ വേറെ മാർഗ്ഗമൊന്നുമില്ലാത്ത ഘട്ടം വന്നാൽ, അതും കേന്ദ്ര ഗവൺമെൻറിനെ ബോദ്ധ്യപ്പെടുത്തിയാൽ മാത്രമേ അവരുടെ അനുവാദം കിട്ടുകയുള്ളൂ.

ശ്രീ. സി. ടി. അഹമ്മദ് അലി : പല റോഡുകൾക്കും പ്രത്യേകിച്ച് ആദിവാസി കേന്ദ്രങ്ങളിലും മറ്റും റോഡുകൾ നിർമ്മിക്കുന്നതിന് വനഭൂമി അനുവദിക്കുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി പരിഗണന കൊടുക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ : ആദിവാസികളുടെ റോഡുകളും മറ്റു വിക സന പ്രവർത്തനങ്ങൾക്കുമെല്ലാം ഇൻഡ്യാഗവൺമെൻറിന്റെ അനുവാദം കിട്ടി യാൽ മാത്രമേ ചെയ്യാൻ കഴിയുകയുള്ളൂ. അങ്ങനെ ഏതെങ്കിലും പ്രൊപ്പോസൽ വന്നാൽ ഇൻഡ്യാഗവൺമെൻറിന്റെ മുമ്പിൽ സമർപ്പിക്കുന്നതിന് വിരോധമില്ല.

ശ്രീ. ഇ. കെ. നായനാർ : ചതിരൂർ മലയിൽ കൃത്രിമരേഖയുണ്ടാക്കി വനഭൂമി തട്ടിയെടുക്കാൻ നടക്കുന്ന ശ്രമങ്ങളെക്കുറിച്ച് ഇവിടെ ആരോപണ ങ്ങൾ വന്നതാണ്. ആ വനഭൂമി വീതിച്ചുകൊടുത്തിട്ടുണ്ടോ ? ഡി. സി. സി. പ്രസിഡൻറായ രാമകൃഷ്ണൻറെ ബന്ധുക്കളടക്കമുള്ള ആളുകൾ ഇതിൽ പങ്കാളികളാണെന്ന ആരോപണം ഈ അസംബ്ലിയിൽ വന്നതാണ്. അത് തട യാനുള്ള എന്ത് നടപടിയെടുത്തിട്ടുണ്ട് ? അത് ഏതുവരെയായി ?

ശ്രീ. കെ. പി. നൂറുദ്ദീൻ : ഇതിനെക്കുറിച്ച് പലതവണ ഇവിടെ പറ ഞ്ഞതാണ്. അവിടെ ചില കള്ളപ്രമാണങ്ങൾ നടന്നിട്ടുണ്ട്. നമ്മുടെ ഒരു സെൻറ് വനഭൂമിപോലും നഷ്ടപ്പെട്ടിട്ടില്ല. അതെല്ലാം അതിർത്തി തിരിച്ച് ഭദ്രമാക്കി, നമ്മുടെ കയ്യിൽത്തന്നെയുണ്ട്. അതുകൊണ്ട് അതിനെക്കുറിച്ച് യാതൊരു ആശങ്കയ്ക്കും അവകാശമില്ല എന്നു ഞാൻ ഇവിടെ പലപ്പോഴും പറഞ്ഞിട്ടുണ്ട്. അതിൽ ഡി. സി. സി. പ്രസിഡൻറിന്റെ ആൾക്കാർ മാത്ര മല്ല, മാർക്സിസ്റ്റ് പ്രവർത്തകരും ബഹുമാനപ്പെട്ട രേതന്റെ സംഘടന യായ സി.ഐ.ടി.യു.വിൽപ്പെട്ട ആളുകളും എൻ.ജി.ഒ. യൂണിയനിൽപ്പെട്ട ആളുകളുമൊക്കെയുണ്ട്.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : വയനാടുപോലുള്ള പ്രദേശങ്ങ ളിൽ ചെറുകിട ജലസേചന പദ്ധതികൾക്കും ശുദ്ധജല വിതരണ പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

കർക്കും ആവശ്യമായ സ്ഥലം വനഭൂമിയിൽനിന്ന് വിട്ടുകിട്ടാൻ ധാരാളം വിഷമതകൾ അനുഭവിക്കുന്നതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇത്തരം പദ്ധതികൾക്ക് വനഭൂമി ആവശ്യമാണെന്നുവന്നാൽ ഉടനെ വിട്ടു കൊടുക്കുവാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : ഭൂമിയുടെ ആവശ്യം വന്നാൽ നമുക്ക് ഉടനെ വിട്ടുകൊടുക്കുവാനുള്ള അധികാരമില്ല. ആ ആവശ്യത്തിന്റെ ഗൗരവം മനസ്സിലാക്കി ഇൻഡ്യാഗവൺമെൻറിന്റെ അനുവാദത്തിനുവേണ്ടി സമർപ്പിക്കുന്ന കാര്യം എത്രയുംവേഗത്തിൽ ചെയ്യുന്നതിന് വിരോധമില്ല.

ശ്രീ. കെ. വി. സുരേന്ദ്രനാഥ് : സ്റ്റോറേജ് ഫാമിംഗ് കോർപ്പറേഷന് റബ്ബർ കൃഷി ചെയ്യാനും ഫോറസ്റ്റ് ഡവലപ്മെൻറ് കോർപ്പറേഷന് യൂക്കാലി നടാനുംവേണ്ടി അലോട്ട് ചെയ്ത പൊസഷനിൽ എടുത്തുകഴിഞ്ഞിട്ടില്ലാത്ത വനഭൂമി വിട്ടുകൊടുക്കാതിരിക്കുവാൻ ഗവൺമെൻറ് തയ്യാറാകുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : അലോട്ട് ചെയ്യാത്ത വനഭൂമി കഴിയുന്നത്ര വിട്ടുകൊടുക്കാതിരിക്കണമെന്നുതന്നെയാണ് ഗവൺമെൻറിന്റെ നിലപാട്. ഉദാഹരണമായി, ഓയിൽ പാം ഇൻഡ്യക്ക് വനഭൂമി കൊടുക്കുവാൻവേണ്ടി ഇൻഡ്യാ ഗവൺമെൻറും ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറുമൊക്കെ അനുമതി നൽകിയതാണ്.

ഡോക്ടർ കെ. സി. ജോസഫ് : വനഭൂമിയിൽ കുടിയേറിപ്പാർത്തവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടിയെന്തായിയെന്നു ചോദിച്ചപ്പോൾ, 1977-നു മുമ്പ് ചേർന്നവരുടെ വെരിഫിക്കേഷൻ പൂർത്തിയായി എന്നു പറയുകയുണ്ടായി. വനഭൂമിയെന്നു പറഞ്ഞാൽ തൃശ്ശൂരിന് ഇപ്പുറത്തുള്ള വനഭൂമിയാണോ അതോ, തൃശ്ശൂർ മുതൽ കാസർകോട് വരെയുള്ള വനഭൂമിയെയും വനഭൂമിയെന്നുതന്നെയാണോ പറയുന്നത് ; എങ്കിൽ എന്തുകൊണ്ടാണ് തൃശ്ശൂരിനപ്പുറത്തുള്ള വനഭൂമിയിൽ 1977-നുമുമ്പ് കുടിയേറിപ്പാർത്ത കൃഷിക്കാർക്ക് പട്ടയം നൽകാനുള്ള നടപടി സ്വീകരിക്കാത്തത് ?

ശ്രീ. കെ. പി. നൂറുദ്ദീൻ : ഇതിനെ സംബന്ധിച്ച ചില പ്രശ്നങ്ങളെക്കുറിച്ച് ഞാൻ ഇവിടെ പറഞ്ഞതാണ്. തൃശ്ശൂരിനപ്പുറത്തുള്ള വനഭൂമി സ്വകാര്യ വനഭൂമിയായിരുന്നു. അത് ഗവൺമെൻറിൽ നിക്ഷിപ്തമാകുന്ന അവസരത്തിൽ അവർക്ക് അവരുടെ അവകാശങ്ങൾ പറയാനുള്ള അവസരമുണ്ടായിരുന്നു. ആ അവസരം അവർ അന്ന് ഉപയോഗിക്കാതിരുന്നതുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്. അതല്ലെങ്കിൽ അതിനുശേഷമുള്ള കയ്യേറ്റങ്ങൾ ആകാനാണ് സാദ്ധ്യത. ഇപ്പോൾ റിസർവ്വ് വനഭൂമിക്ക് പട്ടയം കൊടുക്കുന്നതിന് 1977-നുമുമ്പുള്ള സ്കീമാണ് അംഗീകരിച്ചിട്ടുള്ളത്. മറ്റേ ഭൂമിയുടെ കാര്യം അംഗീകരിക്കാത്തതുകൊണ്ടാണ് അതിനെ സംബന്ധിച്ച നടപടികളെടുക്കാത്തത്.

ശ്രീ. കെ. ചന്ദ്രശേഖരൻ : ജലസേചന പ്രവർത്തനങ്ങൾക്കും, പുനരധിവാസത്തിനും റ്റ്യാൻറേഷനുമായിട്ടാണ് ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 2908 ഹെക്ടർ വനഭൂമി കൊടുത്തിട്ടുള്ളതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ശബരിമല ക്ഷേത്രത്തിൽ പോകുന്ന ലക്ഷക്കണക്കിന് തീർത്ഥാടകരുടെ ആവശ്യങ്ങൾക്കും വികസന പ്രവർത്തനങ്ങൾക്കുംവേണ്ടി ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഒരു സെൻറ് ഭൂമി

LIBRARY ARCHIVES Kerala Legislative Assembly

പോലും വിട്ടുകൊടുത്തിട്ടില്ല. ഇൻഡ്യാ ഗവൺമെൻറിൽ ഇതിൻെറ അപേക്ഷ കം ഇപ്പോഴും നിലനിൽക്കുകയാണ്. അതിനെ സംബന്ധിച്ച് ഗവൺമെൻറ് എന്തു ചെയ്യാനാണ് ഉദ്ദേശിക്കുന്നത് ?

ശ്രീ. കെ. പി. നൂറുദ്ദീൻ : ശബരിമല ക്ഷേത്രത്തിൻെറ ആവശ്യങ്ങൾ ക്കുവേണ്ടി ഇൻഡ്യാഗവൺമെൻറ് അനുവദിച്ച വനഭൂമി വിട്ടുകൊടുക്കുവാൻ തീരുമാനിച്ച്, ഇപ്പോൾ നിർദ്ദേശം കൊടുത്തു കഴിഞ്ഞു. പൊതുവായ ആവശ്യങ്ങൾക്കും മറ്റുമാണ് ഇങ്ങനെ വനഭൂമി വിട്ടുകൊടുക്കുന്നത്. അങ്ങ നെയുള്ള പൊതുവായ ആവശ്യങ്ങളിൽ ഇതു ഉൾപ്പെടുന്നതാണ്.

ശ്രീ. പി. സി. ജോർജ് : ഇൻഡ്യയിലെ പുണ്യപുരാതനമായ ശബരിമല ക്ഷേത്രത്തിനുവേണ്ടി വനഭൂമി കൊടുക്കണമെന്ന ആവശ്യം ഈ രാജ്യത്തുണ്ട്. അതിനുവേണ്ടി എത്ര ഏക്കർ ഭൂമി വിട്ടുകൊടുത്തിട്ടുണ്ട്, ഇനിയും ഏറ്റവും വലിയൊരമ്പലമെന്നുള്ള നിലയിൽ എത്ര ഏക്കർ ഭൂമി ജനങ്ങൾ വേണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട് ; അത് കൊടുക്കുവാൻ തയ്യാറുകുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : ശബരിമല അമ്പലത്തിനുവേണ്ടി നാൽപ്പതേ ക്കർ ഭൂമിയാണ് ആവശ്യപ്പെട്ടത്. മുപ്പതേക്കറിൽപ്പരം ഭൂമി വിട്ടുകൊടുക്കു ന്നതിന് ഇൻഡ്യാ ഗവൺമെൻറിൻെറ ക്ലിയറൻസ് കിട്ടിക്കഴിഞ്ഞു. അത് വിട്ടു കൊടുക്കുവാനുള്ള നടപടികളും പൂർത്തിയായിക്കഴിഞ്ഞു.

ശ്രീ. വർക്കല രാധാകൃഷ്ണൻ : വനേതര ആവശ്യങ്ങൾക്കുവേണ്ടി ഭൂമി വിട്ടുകൊടുത്തതിനുശേഷം വനഭൂമിയുടെ സർവ്വേ നടക്കുന്നുണ്ടോ ? വനേതര ആവശ്യങ്ങൾ കഴിഞ്ഞാണോ സർവ്വേ നടത്തുന്നത് ? സർവ്വേ പ്രകാരമുള്ള ഫെൻ സിംഗ് പരിപാടി എത്രത്തോളമായിയെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് പറയാമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : സർവ്വേ കഴിഞ്ഞതിനുശേഷമാണ് ചില സ്ഥലങ്ങളിൽ വനേതര ആവശ്യങ്ങൾക്കുവേണ്ടിയുള്ള ഭൂമി വിട്ടുകൊടുക്കു ന്നത്. ഓരോ സ്ഥാപനങ്ങൾക്കും ആ സ്ഥാപനത്തിൻെറ പ്രത്യേകതയനുസ രിച്ച് ഭൂമി വിട്ടുകൊടുക്കുകയാണ് ചെയ്യുന്നത്.

ശ്രീ. രാഘവൻ പൊഴക്കടവിൽ : വനത്തിൻെറയും വനേതരത്തിൻെറയും ആവശ്യങ്ങൾക്കായിട്ട് തൃശ്ശൂരിലെ മൃഗശാല പീച്ചിയിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനു മുന്നൂറേക്കറോളം സ്ഥലം കിട്ടുന്നതിനുവേണ്ടിയുള്ള പ്രോജക്ട് റിപ്പോർട്ട് ഗവൺമെൻറ് സമർപ്പിച്ചിട്ടുണ്ട്. അത് അടിയന്തിര മായി നടപ്പിലാക്കുവാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : മൃഗശാല മാറ്റി സ്ഥാപിക്കേണ്ടത് വളരെ അത്യാവശ്യമായ കാര്യമാണ്. അതിൻെറ പ്രൊപ്പോസൽ കിട്ടിയാൽ തീർച്ചയാ യിട്ടും വ്യവസ്ഥയനുസരിച്ച് വേണ്ട നടപടികളും സ്വീകരിക്കുന്നതാണ്.

ശ്രീ. ടി.കെ. ഹംസ : ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ 1-1-1977-ന് മുമ്പുള്ള റിസർവ് വനത്തിലെ കൈവശ കുടിയാൻമാർക്ക് പട്ടയം കൊടുക്കുവാനുള്ള പോളിസി അംഗീകരിച്ചു എന്നുപറഞ്ഞു. നിക്ഷിപ്ത വനഭൂമിയിലെ 1-1-1977-ന് മുമ്പുള്ള കൈവശ കുടിയാൻമാർക്ക് വളരെ

LIBRARY ARCHIVES Kerala Legislative Assembly

സത്യസന്ധമായി പട്ടയം കൊടുക്കുവാനുള്ള ഏതെങ്കിലും ഒരു പോളിസി അംഗീകരിക്കുവാൻ അങ്ങ് മുൻകൈ എടുക്കുമോ ?

ശ്രീ. കെ.പി. നൂറുദ്ദീൻ : ഇതിന്റെ സാങ്കേതികമായ പ്രശ്നങ്ങളെക്കുറിച്ച് ഇതിനുമുമ്പ് ഈ സഭയിൽ പറഞ്ഞിട്ടുള്ളതാണ്. 1971-72 കാലഘട്ടങ്ങളിലാണ് ആ വനഭൂമിയെല്ലാം ഗവൺമെന്റിൽ നിക്ഷിപ്തമായതെങ്കിലും സർവ്വേ ചെയ്ത് തിരിച്ചെടുത്തത് 1978-79 കാലഘട്ടങ്ങളിലാണ്. അതിനു മുമ്പേ കൈവശക്കാർ ഉണ്ടെങ്കിൽ ആ അവസരത്തിൽ അവരുടെ അവകാശങ്ങളും പറയേണ്ടതായിരുന്നു എന്ന് ഞാൻ പറഞ്ഞിട്ടുണ്ട്. അങ്ങനെയുള്ള ആവശ്യങ്ങളും സഭയിൽ വീണ്ടും ഉയർന്നു വരുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇതിനുവേണ്ടി എന്തുചെയ്യാൻ കഴിയുമെന്നുള്ളത് പരിശോധിക്കുന്നതാണ്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

വൻകിട ഇടത്തരം വ്യവസായങ്ങൾ

*430. [460] ശ്രീ. പി.സി. തോമസ് (കടുത്തുരുത്തി) :
,, വി.എസ്. ചന്ദ്രശേഖരൻ പിള്ള :
,, എ.കെ. പത്മനാഭൻ :
,, ടി.കെ. ആറുമുഖൻ :
,, വി. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ 1982 മേയ് 24-നുശേഷം സംസ്ഥാനത്ത് എത്ര വൻകിട-ഇടത്തരം വ്യവസായങ്ങൾ ആരംഭിച്ചു ;

(ബി) ഇവ ഓരോന്നിന്റെയും മുതൽമുടക്ക് എത്ര ;

(സി) ഇവയിൽ എത്രയെണ്ണത്തിൽ ഉൽപ്പാദനം ആരംഭിച്ചു ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ), (ബി) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ 1982 മേയ് 24-നു ശേഷം ആരംഭിച്ച വൻകിട-ഇടത്തരം വ്യവസായങ്ങളുടെയും അവയുടെ മുതൽ മുടക്കിന്റെയും പട്ടിക മേശപ്പുറത്ത് അനുബന്ധം—I ആയി വച്ചിട്ടുണ്ട്. †

(സി) ഇവയുടെ വിവരങ്ങൾ അനുബന്ധം 2-ൽ കൊടുത്തിട്ടുണ്ട്. †

† അനുബന്ധം — I

LIBRARY ARCHIVES Kerala Legislative Assembly